Om SriGurave Nama :

Swami Guruprasad
Mob: 7034424332, 9847650252
Website : www.bhaktashramam.org
titled "21st CENTURY PRESCRIPTION FOR WORLD PEACE"
(REAL SOLUTION FOR CLIMATE CHANGE)

SriGuru Maharshi Shanmughadasar
(Founder of Bhaktasramam 1958 May 1)
(Appearance 15th Dec. 1919
Disappearance 19th May 2010)

Bhaktashramam Trust
(Reg No.169/IV/2003)
H.O. N.Paravoor., Pin 683 513
Ernakulam District, Kerala State

FORMED FOR A BETTER WORLD DESTROYING DANGEROUS EVIL POWERS OF KALIYUGA

Ref: Grievance Registration No. PRSEC / E /2009/ 11179/dtd 26.11.2009 of President Secretariat Helpline.

# പൂജയുടെ തത്വം

**കലിയുഗപുരുഷൻ പ്രജാപതി തപോനിധി ശ്രീഗുരുമഹർഷി ഷണ്മുഖദാസരുടെ ശിഷ്യൻ**
**ശ്രീമഹാഭക്തയോഗി സ്വാമി ഗുരുപ്രസാദ്**

## നമ്മുടെ വേദങ്ങൾ നാലാണ്.

**ഒന്നാം വേദം – ഋഗ്വേദം.**

ഋഗ്വേദത്തിൽപ്പെട്ട ഐതരേയോപനിഷത്തിലെ മഹാവാക്യം. "പ്രജ്ഞാനം ബ്രഹ്മ:" പരമമായ ജ്ഞാനമാകുന്നു. ബ്രഹ്മം എന്ന പരമാർത്ഥജ്ഞാനം അരുളുന്ന ഈ മഹാവാക്യം മനുഷ്യന്റെ സ്വരൂപ ബോധവാക്യമാകുന്നു.

**രണ്ടാം വേദം – യജുർവേദം**

യജുർവേദത്തിൽപ്പെട്ട ബൃഹദാരണ്യകോപനിഷത്തിലെ 'അഹം ബ്രഹ്മാസ്മി' - ഞാൻ ബ്രഹ്മം തന്നെയാകുന്നു എന്ന മഹാവാക്യം മനനം ചെയ്യാൻ കഴിവുള്ള മനുഷ്യന്റെ അനുസന്ധാനവാക്യമാകുന്നു. അനുസന്ധാനം ചെയ്യുകയെന്നാൽ പിമ്പെ പോവുക എന്നാണർത്ഥം.

**മൂന്നാം വേദം – സാമവേദം**

സാമവേദത്തിൽപ്പെട്ട ഛന്ദോഗ്യോപനിഷത്തിലെ "തത്ത്വമസി" - ആപരമാത്മാ - നീ ആകുന്നു. ഇത് ഉപദേശവാക്യം.

**നാലാം വേദം – അഥർവ്വണം**

അഥർവ്വണവേദത്തിൽപ്പെട്ട മാണ്ഡ്യൂകോപനിഷത്തിലെ "അയം ആത്മാബ്രഹ്മ" എന്നിലുള്ള ആത്മാ ബ്രഹ്മമാകുന്നു. ഇത് അനുഭവബോധവാക്യം.

എല്ലാ മതഗ്രന്ഥങ്ങളും സത്യവേദമെന്ന് അവകാശപ്പെടുന്നതുകൊണ്ട് സത്യം അഥവാ ബ്രഹ്മം - ദൈവം - ഏകമാണെന്നും മതങ്ങളെല്ലാം ഒരേ ഒരു ദൈവത്തിന്റെ സന്നിധിയിലേക്കുള്ള പാതകളാകുന്നു എന്നും വെളിപ്പെടുന്നു. സത്തായിരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള ബോധം അഥവാ ബോധാനന്ദം തന്നെ സച്ചിദാനന്ദം അനുഭവത്തിലുള്ള ആനന്ദം ആർക്കും ഇന്നേവരെ വാകൊണ്ട് പറയാൻ കഴിഞ്ഞിട്ടില്ല.

സർവ്വേശ്വരൻ - സർവ്വവസ്തുക്കളുടേയും അകത്തും പുറത്തും നിറഞ്ഞ് എല്ലാത്തിലും വലുതായും എല്ലാത്തിലും ഉന്നതമായും സർവ്വത്ര പ്രകാശിച്ചുകൊണ്ടിരിക്കുന്ന അത്യത്ഭുതചൈതന്യവിശേഷമാകുന്നു. ഈശ്വരൻ ഇതാണ് സാക്ഷാൽ ദൈവം.

ഈ ദൈവത്തെ പരബ്രഹ്മം പരാപരബ്രഹ്മം വിശ്വബ്രഹ്മം സഗുണബ്രഹ്മം- നിർഗുണബ്രഹ്മം, ബ്രഹ്മം- അരൂപൻ - സ്വരൂപൻ എന്നുമെല്ലാം പറയുന്നു.

അരൂപനായ ഈ സാക്ഷാൽ സർവ്വേശ്വരനെ ഹിന്ദുക്കൾ പരബ്രഹ്മം എന്നും ക്രിസ്ത്യാനികൾ യഹോവയെന്നും മുസ്ലീങ്ങൾ അല്ലാഹു എന്നും വിശേഷിപ്പിക്കുന്നു. ഈ ദൈവം സർവ്വശക്തനും സർവ്വജ്ഞനുമാകുന്നു. കണ്ണുകൂടാതെ എല്ലാം കാണുന്നു. ചെവി കൂടാതെ എല്ലാം കേൾക്കുന്നു. കൈകാലുകൾ കൂടാതെ എല്ലാം പ്രവർത്തിക്കുന്നു. ഈ ദൈവത്തെ കഴിഞ്ഞാൽ പിന്നത്തെ മഹാശക്തിയാകുന്നു പരാശക്തി. ഈ പരാശക്തിയാണ് മഹാമായയായും പ്രകൃതിയായും ലോകമാതാവായും സ്ഥിതിചെയ്യുന്നത്.

ഈ മഹാശക്തി സാക്ഷാൽ ദൈവത്തിൽ നിന്നുതന്നെ ഉണ്ടായി, ദൈവത്തിന്റെ സഹധർമ്മിണിയായി ദൈവത്തിൽത്തന്നെ സ്ഥിതിചെയ്യുന്നു.

സാക്ഷാൽ പരബ്രഹ്മം ലോകപിതാവും പരാശക്തി ലോകമാതാവും ആകുന്നു. പ്രാപഞ്ചികാവസ്ഥയിൽ ഇങ്ങനെ വ്യക്തിത്വം കൽപ്പിച്ച് സർവ്വരും പറയുന്നു.പരബ്രഹ്മവും പരാശക്തിയും ആദ്യം മഹാവിഷ്ണുവിനെ സൃഷ്ടിച്ചു. മഹാവിഷ്ണുവിന്റെ നാഭിയിലെ താമരയിൽ നിന്നും ബ്രഹ്മാവ് ജനിച്ചു. ബ്രഹ്മാവിൽ നിന്നും പരമശിവൻ ജനിച്ചു. ബ്രഹ്മാവിനെ സൃഷ്ടികർത്താവായും മഹാവിഷ്ണുവിനെ ലോകരക്ഷകനായും പരമശിവനെ ലോകസംഹാരകനായും പരബ്രഹ്മം നിശ്ചയിച്ചു.

സൃഷ്ടികാര്യത്തിൽ ബ്രഹ്മാവിനെ സഹായിക്കാൻ സരസ്വതിദേവിയേയും, മഹാവിഷ്ണുവിനെ സഹായിക്കാൻ മഹാലക്ഷ്മിയേയും, പരമശിവനെ സഹായിക്കാൻ ശ്രീപാർവ്വതിയേയും പരബ്രഹ്മം സൃഷ്ടിച്ച് ഇവർക്കു ഭാര്യമാരായി നൽകി.

ബ്രഹ്മാവ്, വിഷ്ണു, ശിവൻ, സരസ്വതി, ലക്ഷ്മി, പാർവ്വതി, ശിവപുത്രന്മാരായ ഗണപതി, സുബ്രഹ്മണ്യൻ, ധർമ്മശാസ്താവ് ഇവരെല്ലാം പരബ്രഹ്മത്തേയും പരാശക്തിയേയും കഴിഞ്ഞാൽ പിന്നത്തെ ഈശ്വരശക്തി നിറഞ്ഞ ദേവതകളാകുന്നു.

ഈശ്വരസൃഷ്ടമായ പ്രകൃതി പരസ്പരവിരുദ്ധമായ രണ്ടവസ്ഥയിൽ സ്ഥിതി ചെയ്യുന്നു. സത്യം - അസത്യം, ധർമ്മം - അധർമ്മം, സുഖം - ദുഖം, നന്മ - തിന്മ, ശരി - തെറ്റ്, മാനം - അപമാനം, ഭാഗ്യം - നിർഭാഗ്യം എന്നിങ്ങനെ രണ്ടവസ്ഥയിൽ സ്ഥിതി ചെയ്യുന്നു. ഇങ്ങനെ പരസ്പര വിരുദ്ധമായ ഈ പ്രകൃതിയിൽ ശരീരമെടുത്തുവരുന്ന എല്ലാവർക്കും ഈ രണ്ടവസ്ഥയിൽ കൂടിയേ ജീവിതം സാദ്ധ്യമാകുകയുള്ളു.

ഈ പ്രകൃതിയിൽ കൂടിയുള്ള ജീവിതം എല്ലാവർക്കും ഒരഗ്നിപരീക്ഷണം ആകുന്നു. സർവ്വേശ്വരൻ ഈ പ്രകൃതിയെ രൂപപ്പെടുത്തിക്കൊണ്ട് ഇങ്ങനെ വിധിച്ചു.

ഞാൻ നന്മയും തിന്മയും - അതായത് നല്ലതും ചീത്തയും കൂട്ടിക്കലർത്തിയാണ് സൃഷ്ടി ചെയ്തിരിക്കുന്നത്. ഇതുരണ്ടും എന്റെ സൃഷ്ടിയാണെങ്കിലും ഞാൻ നന്മയിലാണ് സന്തോഷിക്കുന്നത്. തിന്മയിൽ ഞാൻ ഒരിക്കലും സന്തോഷിക്കുന്നില്ല.

ആയതുകൊണ്ട് എല്ലാവരും നന്മയുടെ മാർഗ്ഗത്തിൽ കൂടി ജീവിച്ച് എന്റെ അനുഗ്രഹം നേടി ജന്മം സഫലമാക്കണമെന്നും , തിന്മയുടെ പാതയിൽക്കൂടി സഞ്ചരിച്ച് ജീവിതം നിഷ്ഫലമാക്കരുതെന്നും എല്ലാവർക്കും നിർദ്ദേശം നൽകിയിരിക്കുന്നു. ഇതാണ് ജീവിതരഹസ്യം.

എല്ലാവരും മൂന്നു വിധത്തിൽ നന്നാകാനുണ്ട് എന്ന് സർവ്വജ്ഞനായ പരബ്രഹ്മം കൽപിച്ചിരിക്കുന്നു.

ആദ്യം നല്ല ഭാര്യഭർത്താക്കന്മാരായി ജീവിക്കുക, രണ്ടാമത് നല്ല മാതാപിതാക്കളായി ജീവിക്കുക, മൂന്നാമത് നല്ല സ്ത്രീപുരുഷന്മാരായി ജീവിക്കുക.

ഇപ്രകാരം ജീവിച്ചാൽ ജന്മം സഫലമാകുമെന്ന് സർവ്വേശ്വരൻ നിശ്ചയിച്ചിരിക്കുന്നു.

ഇതിന് നല്ല മനസ്സ്, നല്ല വാക്ക്, നല്ല പ്രവർത്തി എത്രയും ആവശ്യമാകുന്നു. ദുർമനസ്സ്, ദുർവാക്ക്, ദുഷ്പ്രവർത്തി ഇവ ഒരിക്കലും ഉണ്ടാകരുതെന്നും സർവ്വേശ്വരൻ നിഷ്ക്കർഷിച്ചിരിക്കുന്നു. ഇതെല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ പരിശ്രമം വിജയിച്ചാൽ ജീവിതവിജയം തീർച്ചയായും കൈവരിക്കാം.

അല്ലയോ അർജ്ജുനാ! ഈശ്വരൻ സർവ്വഭൂതങ്ങളുടേയും ഹൃദയത്തിൽ സ്ഥിതിചെയ്തുകൊണ്ട് മായാവൈഭവത്താൽ എല്ലാത്തിനേയും ഭ്രമിപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന് ശ്രീഭഗവാൻ കൃഷ്ണപരമാത്മാ ഉപദേശിച്ചിരിക്കുന്നു. ഹൃദയവാസിയായ ഈശ്വരനെ മനസാ വാചാ കർമ്മണാ ശരണം പ്രാപിച്ചാൽ മാത്രമേ പരമമായ ശാന്തിയും ശാശ്വതമായ സ്ഥാനവും ലഭിക്കൂ! ഈ ശരീരത്തെ ക്ഷേത്രമെന്നും ഇതറിയുന്നവനെ ക്ഷേത്രജ്ഞനെന്നും വിളിക്കുന്നു. ക്ഷേത്രജ്ഞൻ ഞാനാണെന്ന് (ഈശ്വരൻ) വ്യക്തമായറിഞ്ഞാലും. ക്ഷേത്രത്തെ പരിപോഷിപ്പിക്കുന്നതും ഞാനാണ്. ക്ഷേത്രത്തേയും ക്ഷേത്രജ്ഞനേയും കുറിച്ചുള്ള അറിവാണ് യഥാർത്ഥജ്ഞാനം. ഏകനായ സൂര്യൻ ഈ ലോകത്തെ ആസകലം എപ്രകാരം പ്രകാശിപ്പിക്കുന്നുവോ അപ്രകാരം ആത്മാവ് എല്ലാ ശരീരത്തേയും പ്രകാശിപ്പിക്കുന്നു.

ജ്ഞാനവും വൈരാഗ്യവും മുക്തിഹേതുക -
മാണുകൃതാദിയാം മൂന്നു യുഗങ്ങളിൽ
എന്നാൽ കലിയുടെ കാലത്തിലബ്ഭക്തി
ഒന്നുതന്നെ ബ്രഹ്മസായൂജ്യ പ്രദായിനി,
പ്രേതമസുരൻ പിശാചുരക്ഷസ്സാദി
ഭൂതങ്ങൾതീണ്ടിടാ ഭക്തനെ ഭീതിയാൽ
(ഭാഗവതം രണ്ടാമദ്ധ്യായം)

എന്നുടെ വാണിയങ്ങെ ഗുണകീർത്തനത്തിനും
മങ്ങാതെ കർണ്ണങ്ങൾ നിൻകഥാശ്രവണത്തിനും
ഹസ്തങ്ങൾ തവാർച്ചാദി പുണ്യകർമ്മങ്ങൾക്കായും
ചിത്തം ത്വൽപാദപത്മസ്മരണത്തിനും
ഉത്തമാംഗം താവകാവാസഭൂമിനമനത്തിനും
മിഴിസർവ്വേശാ! ഭക്തദർശനത്തിനും ഭവിക്കണം
(ഭാഗവതം - 10/10/38)

നമ്മുടെ അനുഭവങ്ങളെല്ലാം കർമ്മഫലങ്ങളാണ്. അതുകൊണ്ട് അനുഭവങ്ങൾക്കടിസ്ഥാനം കർമ്മമാണ്. കർമ്മങ്ങൾക്കടിസ്ഥാനം സങ്കൽപങ്ങളത്രെ! സങ്കൽപങ്ങൾക്കടിസ്ഥാനം നാമരൂപങ്ങളും. നാമരൂപങ്ങളെല്ലാം പഞ്ചഭൂതമയവുമാണ്. അപ്പോൾ പഞ്ചഭൂതാത്മകമായ നാമരൂപങ്ങളിലെ, സങ്കൽപങ്ങളുണ്ടാവൂ! ആകാശത്തിന്റെ ഗുണം ശബ്ദം, വായുവിന്റെ സ്പർശം, അഗ്നിയുടെ രൂപം, ജലത്തിന്റെ രസം, ഭൂമിയുടെ ഗന്ധം ശബ്ദത്തിന്റെ പ്രതീകമായ പുഷ്പം, വായുവിന്റെ ധൂപം, അഗ്നിയുടെ ദീപം, ജലത്തിന്റെ തീർത്ഥം, ഭൂമിയുടെ ഗന്ധം ഇങ്ങനെ ഗന്ധജലദീപധൂപപുഷ്പാദികളാകുന്ന പഞ്ചോപചാരപൂജയെക്കൊണ്ട് ഭക്തൻ താൻ ശരീരിയാണെന്ന തന്റെ അജ്ഞാനത്തേയും നൈവേദ്യരൂപത്തിൽ തന്നെത്തന്നേയും ഈശ്വരനിൽ അർപ്പിച്ച് സ്വയം ജനനമരണങ്ങളില്ലാത്ത ഈശ്വരനായിത്തീരുകയാണ് പൂജയുടെ തത്വം. ഈശ്വരാനുഗ്രഹത്തിന് ഈ വഴി പൂജകന്റെ ഭക്തിയും ശ്രദ്ധയും മാത്രമാണ്. ജീവാത്മാവ് പരമാത്മാവിന്റെ പ്രതിബിംബമാണ്, പരമാത്മാവ് നാശരഹിതനാണ്, ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയാണെന്ന തത്ത്വമസി മഹാവാക്യത്തിന്റെ അർത്ഥം അനുഭവിച്ചറിയുന്നതിനും ആനന്ദിക്കുന്നതിനും ഉള്ള ക്രിയായോഗമാണ് പൂജ.

നിങ്ങൾക്ക് ഭാര്യാപുത്രാദികളോടുകൂടി വീട്ടിൽ താമസിക്കാം. ഉദ്യോഗം നോക്കാം. വ്യവസായങ്ങളും കൃഷിയും എല്ലാം ആവാം. എന്നാൽ ഗൃഹസ്ഥാശ്രമം പുഷ്ടിപ്പെടുത്തുകയാണ് ജീവിതോദ്ദേശമെന്നുമാത്രം വിചാരിച്ചുപോകരുത്. ഈശ്വരപ്രാപ്തി തന്നെ ലക്ഷ്യമായി കരുതണം. ഭക്തികൊണ്ട് ഹൃദയനൈർമ്മല്യവും നിഷ്കാമകർമ്മംകൊണ്ട് ചിത്തശുദ്ധിയും കൈവരുത്തണം. യോഗചര്യകൾകൊണ്ട് ചിത്തവൃത്തികൾ നിരോധിച്ച് മനസ്സ് ഏകാഗ്രമാക്കണം. അങ്ങനെ ഗുരുസാന്നിദ്ധ്യമനുഭവിക്കാൻ അധികാരിയാകണം. സത്ഗുരുവിൽ നിന്ന് ആത്മോപദേശശ്രവണമുണ്ടാകണം. ഗുരുകാരുണ്യാംബുവിൽ മുങ്ങിക്കുളിക്കണം. അപ്പോൾ അദ്വൈതാനുഭവം സിദ്ധിക്കുന്നു. ജീവിതം സഫലമാകുന്നു.

*ഓം! ശാന്തി ശാന്തി ശാന്തി*